## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1883** **10.03.2020-ൽ മറുപടിയ്ക്ക്**

## മരുന്നുകളുടെ വിലനിയന്ത്രണം

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**
**,, ആർ. രാജേഷ്**
**,, സി.കെ. ഹരീന്ദ്രൻ**
**,, സി.കൃഷ്ണൻ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) മരുന്നുകളുടെ ഉല്പാദന ചെലവിനനുസൃതമായി വില നിശ്ചയിക്കുന്നതിനുപകരം കേന്ദ്ര-സർക്കാർ നടപ്പാക്കിയ വിപണി അധിഷ്ഠിതമായി വില നിശ്ചയിക്കുക എന്ന അശാസ്ത്രീയ രീതി കേന്ദ്ര പൊതുമേഖലാ മരുന്നു നിർമ്മാണ കമ്പനികളെ ഇല്ലായ്മ ചെയ്യുന്നതിനും സ്വകാര്യ കമ്പനികൾക്ക് മരുന്നു വിലയിൽ അമിതമായ ലാഭമെടുക്കുന്നതിനും വഴിതെളിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

എ) കേന്ദ്ര കെമിക്കൽസ് ആന്റ് പെട്രോളിയം വകുപ്പിന് കീഴിലുള്ള 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' എന്ന സ്ഥാപനം 'ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓഡർ' എന്ന കേന്ദ്ര നിയമ പ്രകാരമാണ് ഔഷധങ്ങളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ അധികാരമില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് മരുന്ന് വില വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ബി) അശാസ്ത്രീയ മരുന്നു വില നിയന്ത്രണരീതിയുടെ ഫലമായി മാർക്കറ്റിൽ ലഭ്യതക്കുറവെന്ന പേരിൽ പന്ത്രണ്ടിനം അവശ്യമരുന്നുകൾക്ക് കേന്ദ്രസർക്കാർ വളരെയധികം വില വർദ്ധിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

ബി) 2019 ഡിസംബർ 13 –ലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം 21 (ഇരുപത്തി ഒന്ന്) ഇനം മരുന്നുകളുടെ വില കൂടിയ നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ആന്റിബയോട്ടിക്സ്, വാക്സിൻ, വിറ്റമിൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം തന്നെ പഴയ വിലയേക്കാൾ 50% വില കൂട്ടിയിട്ടുണ്ട്.

സി) മരുന്നു വില നിയന്ത്രണം കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിലായതിനാൽ പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമെന്നും രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനത്ത് രൂപീകരിക്കുന്ന സംസ്ഥാന ഫാർമസ്യൂട്ടിക്കൽ പ്രൈസ് മോണിറ്ററിംഗ് & റിസോഴ്സ് യൂണിറ്റ് സൊസൈറ്റി വഴി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്നും അറിയിക്കാമോ?

സി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' –യുടെ മേൽനോട്ടത്തിൽ രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച 'കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ്' എന്ന സൊസൈറ്റിയുടെ പ്രാഥമിക ഉത്തരവാദിത്വമെന്നത് വില നിയന്ത്രണ പട്ടികയിലുള്ള മരുന്നുകളുടെ വില

നിരീക്ഷിക്കുന്നതും, അമിതലാഭം എടുക്കുന്ന മരുന്നുകളെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തുന്നതും, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതുമാണ്. കൂടാതെ കൂടുതൽ മരുന്നുകളെ ദേശീയ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, വില നിയന്ത്രണമില്ലാത്ത ഒരേ മരുന്ന് വ്യത്യസ്ത് നിർമ്മാതാക്കൾ പല വിലയിൽ വിപണനം നടത്തുന്നത് 'നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി' –യെ അറിയിച്ച് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ 'കേരള സ്റ്റേറ്റ് പ്രൈസ് മോണിറ്ററിംഗ് ആന്റ് റിസോഴ്സ് യൂണിറ്റ്' വഴി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ